**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 472** **12-08-2021 - ൽ മറുപടിയ്ക്ക്**

**നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ. പ്രേംകുമാർ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നികുതി കൃത്യമായി ഖജനാവിൽ തന്നെ എത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നികുതി ഭരണം ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്തു വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നികുതി കൃത്യമായി ഖജനാവിൽ തന്നെ എത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നികുതി ഭരണം ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു. 1. ജി എസ് ടി പൂർണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി എസ് ടി നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റ അനാലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്ന തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി നികുതിച്ചോർച്ചയുടെ മേഖലകളെയും വ്യാപാരികളെയും കേന്ദ്രീകരിച്ച എൻഫോഴ്സ്മെന്റ് നടത്താൻ സാധിച്ചിട്ടുണ്ട്. 2. വ്യാപാരികൾ മാസാമാസം നടത്തുന്ന വില്പന തങ്ങളുടെ റിട്ടേണുകളിൽ ഉൾപ്പെടുത്തി നിശ്ചിത സമയത്തു തന്നെ ഫയൽ ചെയ്യുന്നു എന്ന് വകുപ്പ് ഉറപ്പ വരുത്തുന്നുണ്ട്. ഇതിനായി വ്യാപാരികളെ അവർ നൽകുന്ന നികുതിയുടെ തോതനുസരിച്ച തരംതിരിച്ച പരിശോധിക്കുന്നു. റിട്ടേൺ ഫയൽ ചെയ്യാൻ താമസിച്ചാൽ ആദ്യ പടി എന്ന നിലയിൽ ഫോൺ, ഇ-മെയിൽ, SMS എന്നീ സംവിധാനങ്ങൾ മുഖേന റിട്ടേൺ ഫയൽ ചെയ്യുവാൻ ഓർമപ്പെടുത്തുന്നു. ശേഷം പിഴ, അസ്സെസ്സ്മെന്റ് നടപടികൾ, ഇന്റലിജൻസ് പരിശോധന എന്നിവ നടത്തുന്നുണ്ട്. 3. റിട്ടേൺ, രജിസ്ട്രേഷൻ എന്നീ |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ വിശകലനം ചെയ്ത് അതിൽ നിന്നും തിരഞ്ഞെടുക്കുന്ന വ്യാപാരികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടി സ്വീകരിച്ചത് വഴി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നു. 4. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനു വേണ്ടി പ്രത്യേക മാനദണ്ഡ പ്രകാരം ടാക്സ് പെയേഴ്സിനെ ഓൺലൈൻ ആയി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കി വരുന്നു. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കുകയും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായകമായി. 5. ജി.എസ്.ടി-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനു വേണ്ടി വിവിധ ഏജൻസിയിൽ നിന്ന് വിവര ശേഖരണം നടത്തുകയും അതിൽ നിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നികുതി വകുപ്പിന്റെ അടിസ്ഥാനസൗകര്യ വികസനത്തിലൂടെ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | നികുതി വകുപ്പിന്റെ അടിസ്ഥാനസൗകര്യ വികസനത്തിലൂടെ വകുപ്പിന്റെ കാര്യക്ഷമത വർധിപ്പിക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. സംസ്ഥാന ജി.എസ്.ടി വകുപ്പ് പരിപൂർണമായും ഓൺലൈൻ സംവിധാനത്തിലാണ് നികുതി ഭരണം നടത്തുന്നത്. ഇതിനായി സംസ്ഥാനത്തിലെ എല്ലാ നികുതി കാര്യാലയങ്ങളും ഒപ്റ്റിക് ഫൈബർ ശൃംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട്. ഓഫീസുകൾ കംപ്യൂട്ടർ വത്കരിക്കുകയും എല്ലാ മൊബൈൽ സ്ക്വാഡുകൾക്കും ലാപ് ടോപ്പുകൾ, പോർട്ടബിൾ പ്രിന്ററുകൾ എന്നിവ നൽകുകയും ചെയ്തത് വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. റിട്ടേണുകളുടെ ഫയലിംഗ് ഉറപ്പ് വരുത്തുന്നതിനും സർവ്വേ നടപടികൾ സുതാര്യമാക്കുന്നതിനും മൊബൈൽ ആപ്ലിക്കേഷനുകളും അവയുടെ ഉപയോഗത്തിനായി മൊബൈൽ ടാബുകളും നൽകിയിട്ടുണ്ട്. കോവിഡ് കാലത്തെ മീറ്റിങ്ങുകളും ഹിയറിങ്ങുകളും ഓൺലൈൻ ആയി നടത്തുന്നതിന് വീഡിയോ കോൺഫെറൻസിങ് സംവിധാനങ്ങൾ നിലവിലുണ്ട്. ഇത് വഴി നികുതി ഭരണം പൂർണമായും ഓൺലൈനായി നടത്താൻ കഴിയുന്നുണ്ട്. |
| (സി) | ജി. എസ്. ടി. രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തുന്നതിനും അതിർത്തി ചെക്ക് പോസ്റ്റുകൾ ഇല്ലാതായ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇ-വേ ബിൽ നിർബന്ധമാക്കിയത് കാര്യക്ഷമമായിട്ടുണ്ടോയെന്ന് | (സി) | ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കാൻ നിയമപരമായി ബാധ്യതയുള്ള, രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തുന്നതിനുള്ള ഊർജിത നടപടികൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് സ്വീകരിച്ച് വരുന്നു. ഇതിനായി വകുപ്പിന്റെ ഇക്കണോമിക് ഇന്റലിജൻസ് വിഭാഗം കെ എസ് ഇ |

| | | | |
|---|---|---|---|
| | പരിശോധന നടത്താനുള്ള സംവിധാനമുണ്ടോ; വ്യക്തമാക്കാമോ? | | ബി, ഫുഡ് സേഫ്റ്റി വകുപ്പ്, ലേബർ ഡിപ്പാർട്ടമെന്റ്, ബാങ്കുകൾ, ഗ്യാസ് കമ്പനികൾ ഇ കോമേഴ്സ് പ്ലാറ്റ് ഫോം തുടങ്ങിയവയിൽ നിന്നുള്ള വിവരങ്ങൾ ശേഖരിക്കുകയും അതുമായി ബന്ധപ്പെടുത്തി ഡാറ്റ അനാലിറ്റിക്സിലൂടെ രജിസ്ട്രേഷൻ പരിധി കഴിഞ്ഞിട്ടും രജിസ്ട്രേഷൻ എടുക്കാത്ത വ്യാപാരികളെയും സർവീസ് പ്രൊവൈഡേഴ്സിനെയും കണ്ടെത്തുകയും രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുവരെ 132835 കേസുകൾ പരിശോധിച്ചതിൽ നിന്നും, 3101 കേസുകൾ രജിസ്ട്രേഷൻ ബാധ്യത കണ്ടെത്തുകയും അതിൽ 1523 പേർ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെ ഉള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും വേണ്ടി സി.സി.ടി.വി ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻപി.ആർ സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേബിൽ) ഇല്ലാതെ കടന്നു വരുന്ന ചരക്കു വാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ജി എസ് ടി യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനു സഹായകമാകുന്നു. ഒൻപതു ജില്ലകളിലായി ഇരുപത്തിമൂന്നു സ്ഥലങ്ങളിൽ എ.എൻപി.ആർ ക്യാമറകൾ സ്ഥാപിച്ചു ഫലപ്രദമായി നിരീക്ഷിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട്, വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമിളി, പാലക്കാട് ജില്ലയിൽ വാളയാർ, നടുപ്പുണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദാപുരം, ഒഴലപ്പതി എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, ന്യൂ മാഹി, കാസറഗോഡ് ജില്ലയിൽ ബംഗ്റ, മഞ്ചേശ്വരം, പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. നാളിതുവരെ 22 കേസുകളിൽ നിന്നായി 88.58 ലക്ഷം രൂപ നികുതിയും പെനാൽറ്റിയുമായി ചുമത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇൻവെസ്റ്റിഗേഷൻ വിഭാഗം വഴി വ്യാജ ഇൻപുട്ട് ടാക്സ് ഉൾപ്പടെയുള്ള ക്രമക്കേടുകൾ തടയുന്നതിനായി വിശദമായ പരിശോധനകൾ നടത്തി വരുന്നു. സംസ്ഥാനത്തൊട്ടാകെ വാഹനപരിശോധ നയിൽ 2020-21 സാമ്പത്തിക വർഷം 16619 കേസുകളിൽ നിന്നായി 68.45 കോടി രൂപയും 589 ജിഎസ്.ടി ഷോപ് ഇൻസ്പെക്ഷൻ ഫയലുകൾ തീർപ്പാക്കിയതിൽ നിന്നായി 49.20 കോടി രൂപയും ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ